കില
വാർത്താപത്രിക

VOLUME-10
ISSUE-4
APRIL 2017

kilathrissur@gmail.com | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

ചീഫ് സെക്രട്ടറി സ്ഥാനത്തുനിന്ന് വിരമിച്ച എസ്.എം.വിജയാനന്ദിനുള്ള കിലയുടെ ഉപഹാരം തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ഡോ.കെ.ടി.ജലീൽ നൽകുന്നു

എസ്. എം. വിജയാനന്ദിനെ കില ആദരിച്ചു

ചീഫ് സെക്രട്ടറി സ്ഥാനത്തുനിന്ന് വിരമിച്ച എസ്.എം.വിജയാനന്ദിന് കില ഉപഹാരം നൽകി ആദരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ.കെ.ടി.ജലീലാണ് ഉപഹാരം നൽകിയത്. പത്തുവർഷക്കാലം കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായിരുന്നു എസ്.എം.വിജയാനന്ദ്. തിരുവനന്തപുരത്തുവെച്ചു നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറി ഡോ.വി.കെ.ബേബി, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ, പ്ലാനിംഗ്ബോർഡ്അംഗം ഹരിലാൽ, സാമൂഹ്യനീതിവകുപ്പുസെക്രട്ടറി ഷാജഹാൻ, കില ഡയറകടർ ഡോ. പി.പി.ബാലൻ, ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ പ്രസിഡന്റ് അഡ്വ.തുളസീഭായി, ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ പ്രസിഡന്റ്. സുഭാഷ് എന്നിവർ സംബന്ധിച്ചു. കേരളത്തിലെ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിൽ ദീർഘകാലം നേതൃത്വം നൽകിയ ചീഫ്സെക്രട്ടറിക്കുള്ള ആദരവ് കണക്കിലെടുത്ത് അദ്ദേഹത്തിനു സമർപ്പിച്ചുകൊണ്ട് കില പ്രസിദ്ധീകരിച്ച പ്രാന്തവൽക്കരണവും ദാരിദ്ര്യനിർമ്മാർജ്ജനവും എന്ന പുസ്തകപ്രകാശനവും ചടങ്ങിൽ നിർവ്വഹിക്കുകയുണ്ടായി.

മൂന്നു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ കൂടി കിലയുടെ കീഴിൽ

കിലയുടെ ഭാഗമായി മാറിയ മണ്ണുത്തിയിലെ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ

സംസ്ഥാനത്തെ മൂന്നു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ (ഇ.ടി.സി) കൂടി കിലയുടെ മേഖലാകേന്ദ്രങ്ങളാക്കി സർക്കാർ ഉത്തരവായി. തളിപ്പറമ്പ്, മണ്ണുത്തി, കൊട്ടാരക്കര എന്നിവിടങ്ങളിലെ പരിശീലനകേന്ദ്രങ്ങളാണ് കിലയുടെ ഭാഗമായി മാറുന്നത്. തളിപ്പറമ്പിലെ കേന്ദ്രം ഇനി കിലയുടെ ഓർഗാനിക്ക് ഫാമിംഗ് ആന്റ് വെയ്സ്റ്റ് മാനേജ്മെന്റ് സെന്റർ എന്ന പേരിലാണറിയപ്പെടുക.മണ്ണുത്തിയിലേതു കില ഗുഡ് ഗവേണൻസ് കേന്ദ്രമായും കൊട്ടാരക്കര സെന്റർ കിലയുടെ സാമൂഹ്യ-സാമ്പത്തിക വികസനകേന്ദ്രമായും അറിയപ്പെടും.

നേരത്തെ അട്ടപ്പാടിയിലെ അഹാഡ്സും കൊട്ടാരക്കരയിലെ എസ്.ഐ.ആർ.ഡിയും കിലയുടെ ഭാഗമാക്കി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

കേരള ലളിതകലാ അക്കാദമി കിലയിൽ സംഘടിപ്പിച്ച സ്നേഹപൂർവം ചിത്രകലാക്യാമ്പ് കാർട്ടൂണിസ്റ്റ് യേശുദാസ് ഉദ്ഘാടനം ചെയ്യുന്നു

സപ്തതി കഴിഞ്ഞവർക്കു കിലയിൽ ചിത്രകലാക്യാമ്പ്

എഴുപതു കഴിഞ്ഞ കലാകാരന്മാർ പങ്കെടുത്ത സ്നേഹ പൂർവം ചിത്രകലാക്യാമ്പ് കിലയിൽ സംഘടിപ്പിച്ചു. കാർട്ടൂണിസ്റ്റ് യേശുദാസ് ഉദ്ഘാടനം ചെയ്തു. കേരള ലളിതകലാ അക്കാദമി സംഘടിപ്പിച്ച നാലുദിവസത്തെ ക്യാമ്പിൽ സപ്തതി കഴിഞ്ഞ പതിനേഴുപേർ പങ്കെടുത്തു.ലളിത കലാ അക്കാദമി സെക്രട്ടറി പൊന്ന്യംചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസറും അക്കാദമി ട്രഷററുമായ വി.ആർ. സന്തോഷ്, എക്സിക്യൂട്ടീവ് അംഗം പോൾ കല്ലനോട്, കില അസി.ഡയറക്ടർ കെ.ബാബു എന്നിവർ സംസാരിച്ചു. കലാകാരന്മാരിൽ നെതർലന്റുകാരിയായ മരിയ ബ്ലോം ഉൾപ്പെടും.

ഗ്രാമപഞ്ചായത്ത് സേവനങ്ങൾ:സർക്കാർ ഉത്തരവിറങ്ങി

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽനിന്നു ലഭിക്കുന്ന വിവിധ സേവനങ്ങൾക്കു ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി.ഇതുസംബന്ധിച്ച് കില തയ്യാറാക്കിയ ചെക്ക്ലിസ്റ്റ് അംഗീകരിച്ച് സർക്കാർ ഉത്തരവിറക്കുകയായിരുന്നു.(സ.ഉ.(എം.എസ്)605/2017 തീയതി 3.3.2017). ജനന-മരണ രജിസ്ട്രേഷൻ,വിവാഹ രജിസ്ട്രേഷൻ, വിവിധ ക്ഷേമപെൻഷനുകൾ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ, വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലഭിക്കേണ്ട ലൈസൻസുകൾ, തുടങ്ങിയ 79 സേവനങ്ങളുടെ ചെക്ക്ലിസ്റ്റാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. അഴിമതി ഇല്ലാതാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കുന്നതിനും ഈ ഉത്തരവ് സഹായകരമാകും. 30.9.2016 വരെയുള്ള സർക്കാർ ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് ചെക്ക്ലിസ്റ്റ്. തദ്ദേശഭരണവകുപ്പിന്റെ വെബ്സൈറ്റിലും കിലയുടെ വെബ്സൈറ്റിലും ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങളും മാതൃകാഫോറങ്ങളും ലഭ്യമാണ്.30.9.2016 നു ശേഷമുള്ള സർക്കാർ ഭേദഗതികൾ ഉൾപ്പെടുത്തി കില തയ്യാറാക്കിയ രണ്ടാമത്തെ ചെക്ക്ലിസ്റ്റ് സർക്കാർ അംഗീകാരത്തിനു സമർപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ബാലാവകാശത്തെകുറിച്ച് പഠിക്കുന്നതിന് കിലയിലെത്തിയ സേക്രട്ട് ഹാർട്ട് കോൺവെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾ

ബാലാവകാശം പഠിക്കാൻ കുട്ടികളെത്തി

ബാലാവകാശത്തെകുറിച്ച് പഠിക്കുന്നതിന് എൽ പി സ്ക്കൂൾ വിദ്യാർത്ഥികൾ കിലയിൽ എത്തി. സേക്രട്ട് ഹാർട്ട് കോൺവെന്റ് എൽ പി സ്കൂളിൽ നിന്നും 3, 4 ക്ലാസ്സുകളിലെ 349 വിദ്യാർത്ഥികളാണ് പഠനത്തിനെത്തിയത്. പ്രധാന അദ്ധ്യാപികയായ സിസ്റ്റർ ഗീതി മറിയയുടെ നേതൃത്വത്തിൽ 10 അദ്ധ്യാപകരും പി.റ്റി.എ എക്സിക്യൂട്ടീവ് അംഗം സന്തോഷ് തറയിലും ഇവരെ അനുഗമിച്ചിരുന്നു. പഞ്ചായത്തീരാജ്, കുട്ടികളുടെ ഗ്രാമസഭ എന്നിവക്ക് പുറമേ കിലയുടെ പ്രവർത്തനങ്ങളും കുട്ടികൾക്കു വിശദീകരിച്ചു കൊടുത്തു. ഇവർക്കായി കിലയിൽ പ്രത്യേകം സംഘടിപ്പിച്ച ക്ലാസ്സിൽ കില അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം രാജ്, കില എക്സ്റ്റൻഷൻ ഫാക്കൽറ്റി ഭാസ്ക്കരൻ പള്ളിക്കര. ഫാദർ ജിജോ, ഫാദർ ജിയോ എന്നിവർ സംസാരിച്ചു.

തൃശ്ശൂർ ജില്ലയിലെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വർഷ രാജേഷ് ഏറ്റുവാങ്ങുന്നു

മുഖ്യമന്ത്രിക്കു കേന്ദ്രത്തിന്റെ അഭിനന്ദനം

കഴിഞ്ഞവർഷം നവംബറിൽ പങ്കാളിത്ത ബജറ്റിനെക്കുറിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച ബ്രിക്സ് സമ്മേളനം മാതൃകാപരമായി നടത്തിയതിനു സംസ്ഥാന സർക്കാരിനെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം അഭിനന്ദിച്ചു.ഇതുസംബന്ധിച്ച് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രി നരേന്ദ്രസിംഗ് തോമർ മുഖ്യമന്ത്രി പിണറായി വിജയന് കത്തയച്ചു. സമ്മേളനത്തിന്റെ ഭാഗമായി എത്തിയ ചൈന, ബ്രസീൽ, റഷ്യ, ദക്ഷിണാഫ്രിക്ക, ഇന്ത്യ എന്നിവിടങ്ങളിൽനിന്നുള്ള മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ സന്ദർശിക്കുകയും ആസൂത്രണപ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും ചെയ്തിരുന്നു. കേരളത്തിലെ പങ്കാളിത്ത ബജറ്റിംഗ് രീതി ഇതര രാജ്യങ്ങൾക്കു അനുകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടു.മറ്റെങ്ങും കാണാത്ത ജനപങ്കാളിത്തം ഇവിടെ ദൃശ്യമായിരുന്നു.

കിലയ്ക്കായിരുന്നു സമ്മേളനത്തിന്റെ സംഘാടനച്ചുമതല. ജെയ്പ്പൂർ,വിശാഖപട്ടണം, ഗോവ എന്നിവിടങ്ങളിൽ വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ബ്രിക്സ് സമ്മേളനം നടത്തിയതിന്റെ തുടർച്ചയായിട്ടായിരുന്നു കൊച്ചിയിലെ സമ്മേളനം.

നൂതനപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്യാൻ കിലയിൽ സംഘടിപ്പിച്ച തൃശ്ശൂർ ജില്ലയിലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരുടെ യോഗം കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്യുന്നു

മാതൃകാപദ്ധതികൾ : ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിററി അദ്ധ്യക്ഷന്മാർ ഒത്തുചേർന്നു

മികച്ച പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ മാതൃകാപദ്ധതികൾ തങ്ങളുടെ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനെക്കുറിച്ചും നൂതനപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യാൻ തൃശ്ശൂർ ജില്ലയിലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും കിലയിൽ ഒത്തുചേർന്നു.പുലാമന്തോൾ(മലപ്പുറം), നാദാപുരം(കോഴിക്കോട്),ചെമ്പിലോട് (കണ്ണൂർ),പുല്ലൂർ പെരിയ (കാസർകോട്) എന്നീ പഞ്ചായത്തുകളിലാണ് കഴിഞ്ഞ മാസം ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങൾ പഠനസന്ദർശനം നടത്തിയത്.രണ്ടു ബാച്ചുകളിലായി 33 പേർ സന്ദർശക സംഘത്തിലുണ്ടായിരുന്നു. ഏറ്റവും മികച്ച പട്ടികജാതി കോളനി(പുലാമന്തോൾ),നല്ല ബഡ്സ് സ്കൂൾ(പുല്ലൂർ പെരിയ),മികച്ച പ്ലാസ്റ്റിക്ക് സംസ്കരണം(ചെമ്പിലോട്) മികച്ച വയോജനക്ഷേമം (തൂണേരി മോഡൽ) തുടങ്ങിയ പദ്ധതികളാണ് സംഘാംഗങ്ങളെ ആകർഷിച്ചത്.

കിലയിൽ ചേർന്ന കൂടിയാലോചനായോഗം കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു.കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ് സംസാരിച്ചു.എം.ജി. കാളിദാസനും,ഭാസ്കരൻ പള്ളിക്കരയും ചർച്ചകൾക്കു നേതൃത്വം നൽകി.പട്ടികജാതി ക്ഷേമം, വനിതാ-ശിശു വികസനം, സാമൂഹ്യസുരക്ഷ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വികസനപദ്ധതികളും യോഗം ചർച്ച ചെയ്തു.

കേരളത്തിലെ പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് പഠിക്കുന്നതിനു കിലയിലെത്തിയ മിസോറാമിൽനിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കു സംഘടിപ്പിച്ച ത്രിദിന പരിശീലനപരിപാടി

പങ്കാളിത്ത ആസൂത്രണം പഠിക്കാൻ മിസോറാമിലെ പഞ്ചായത്ത് പ്രസിഡന്റുമാർ കിലയിൽ

കേരളത്തിലെ പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് പഠിക്കുന്നതിനു മിസോറാമിൽനിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും സംസ്ഥാന ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരും കിലയിലെത്തി. 25 അംഗ സംഘത്തിൽ 22 പേരും പഞ്ചായത്ത് പ്രസിഡന്റുമാരാണ്. കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച മൂന്നുദിവസത്തെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് ഡോ.ജെ. ബി.രാജനും ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജെ.നെൽസണും സ്ത്രീ ശാക്തീകരണത്തെപ്പറ്റി ആൽജോ സി.ചെറിയാനും സംസാരിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് ഡോ.കെ.പി. എൻ.അമൃത(സ്റ്റാറ്റസ് റിപ്പോർട്ട്),ജെ.ജമാൽ(ഗ്രാമസഭ), ടി. രാധാകൃഷ്ണൻ (ജില്ല ആസൂത്രണസമിതി), സുദർശനഭായ് (ജനകീയാസൂത്രണവും മിഷനുകളും) എന്നിവർ ക്ലാസ്സെടുത്തു. തളിക്കുളത്തെ സ്നേഹതീരം ബീച്ച് സന്ദർശിച്ച സംഘാംഗങ്ങൾ ചാഴൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡ് ഗ്രാമസഭയിലും പങ്കെടുത്തു.



ജാഗ്രതാസമിതികൾ ശക്തിപ്പെടുത്താൻ വിപുലമായ പരിശീലനപരിപാടി

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജാഗ്രതാസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും വിപുലമായ പരിശീലനപരിപാടിക്കു രൂപം നൽകി.കിലയും സാമൂഹ്യനീതി വകുപ്പും സംയുക്തമായാണ് പരിശീലനം സംഘടിപ്പിക്കുന്നത്. കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിനുശേഷം ജനപ്രതിനിധികൾക്കു ജാഗ്രതാസമിതിയെക്കുറിച്ച് പ്രത്യേക പരിശീലനം നൽകാത്ത സാഹചര്യത്തിൽ വിശദമായ പരിശീലനം നൽകാനാണ് തീരുമാനമെന്ന് കില ഡയറക്ടർ ഡോ. പി.പി.ബാലൻ പറഞ്ഞു. തദ്ദേശസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ ജനപ്രതിനിധികൾക്കും ജാഗ്രതാസമിതി അംഗങ്ങൾക്കും ഏകദിന പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 312 ബാച്ചുകളിലായി 26,997 പേർക്കു പരിശീലനം നൽകാനുള്ള കർമ്മപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

പരിശീലനത്തിനു മുന്നോടിയായിട്ടുള്ള പരിശീലകരുടെ പരിശീലനം ഏപ്രിൽ 18 മുതൽ 29 വരെയായിരന്നു.392 പേരെ ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വിഷയത്തിനും മൂന്നു വീതം മാസ്ററർ ട്രെയിനർമാരേയും സജ്ജരാക്കുന്നുണ്ട്.ഇവർക്കുള്ള പരിശീലനവും തുടങ്ങി. തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള പരിശീലനം മേയ്, ജൂൺ മാസങ്ങളിലായി പൂർത്തിയാക്കും. കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, പ്രശ്നങ്ങൾ, പ്രധാന നിയമവ്യവസ്ഥകൾ, ജാഗ്രതാസമിതിയുടെ പ്രസക്തി, ഘടന, സമിതിയുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, കർമ്മപരിപാടി തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിലായിരിക്കും പരിശീലനം.

പരിശീലനപരിപാടിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന ശിൽപ്പശാലയിൽ നിർഭയ സെല്ലിലെ പ്രോഗ്രാം ഓഫീസർമാരായ ടിജു റേച്ചൽ തോമസ്, കവിത റാണി രഞ്ജീത്, കോഴ്സ് ഡയറക്ടർ ഡോ.പീററർ എം.രാജ്, കോർഡിനേറ്റർമാരായ കെ.ഗോപാലകൃഷ്ണൻ, റിമ ജോസ് എന്നിവർ പങ്കെടുത്തു.

കുട്ടികളുടെ വിഭാഗത്തിൽ ധീരതയ്ക്കുള്ള ദേശീയ അവാർഡ് നേടിയ ബിനിൽ മഞ്ഞളിയെ അനുമോദിക്കാൻ കിലയിൽ സംഘടിപ്പിച്ച യോഗത്തിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ പുരസ്കാരം സമ്മാനിക്കുന്നു

ബിനിൽ മഞ്ഞളിക്കു കിലയുടെ ആദരം

കുട്ടികളുടെ വിഭാഗത്തിൽ ധീരതയ്ക്കുള്ള ദേശീയ അവാർഡ് രാഷ്ട്രപതി പ്രണാബ് മുക്കർജിയിൽനിന്നേറ്റു വാങ്ങിയ മാസ്റ്റർ ബിനിൽ മഞ്ഞളിക്കു കിലയുടേയും യൂണിസെഫിന്റെയും ആദരം. കിലയിൽ സംഘടിപ്പിച്ച അനുമോദനയോഗത്തിൽ കില ഡയറക്ടർ ഡോ.പി.പി. ബാലൻ പുരസ്കാരം സമ്മാനിച്ചു. കില പ്രൊഫ.ഡോ. സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം. രാജ്, ഭാസ്കരൻ പള്ളിക്കര, റിസ്മിയ എന്നിവർ ആശംസകളർപ്പിച്ചു.

കഴിഞ്ഞ വർഷം ഏപ്രിൽ 17 നു പെരിയാർ വാലി കനാലിൽ രാത്രി ഒഴുക്കിൽപെട്ട ഷൈബിയെന്ന വീട്ടമ്മയെ അതിസാഹസികമായി രക്ഷപ്പെടുത്തിയതിനാണ് ബിനിൽ അവാർഡു നേടിയത്. രാജഗിരി പബ്ലിക്ക് സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയാണ് ബിനിൽ. രാജഗിരി കോളേജിലെ പ്രൊജക്ട് ഡയറക്ടറും കിലയിലെ എക്സ്റ്റൻഷൻ ഫാക്കൽറ്റിയുമായ എം.പി.ആന്റണിയുടേയും ഗവ.ചീഫ് മെഡിക്കൽ ഓഫീസർ ഡോ.ബീനയുടേയും മകനാണ് ബിനിൽ. അനുമോദനങ്ങൾക്കു ബിനിൽ നന്ദി പറഞ്ഞു.

ലോക ഓട്ടിസം ദിനത്തോടനുബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാല യുടെ ഉദ്ഘാടനച്ചടങ്ങ്

ലോക ഓട്ടിസം ദിനം: കിലയിൽ ശിൽപ്പശാല

ലോക ഓട്ടീസം ദിനത്തോടനുബന്ധിച്ച് ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ രക്ഷിതാക്കൾക്കുവേണ്ടി കിലയിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സഹായിത ജീവിതവികസനത്തിന് ഭരണകൂടങ്ങളുടെ പ്രത്യേക പരിഗണന ആവശ്യമാണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ ഡോ.പി.പി.ബാലൻ അഭിപ്രായപ്പെട്ടു. ഒറ്റപ്പാലത്തെ നിഷ്ചിന്ത് സ്കൂളിന്റെ സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ ചികിത്സ, പരിശീലനം, പുനരധിവാസം, സഹായിത ജീവിത വികസനം എന്നീ വിഷയങ്ങളിൽ ഡോ.കെ.നാരായണൻ നായർ,ഡോ.പി.എ.സുരേഷ്, അനിൽകുമാർ, ഡോ. മീന മേനോൻ, എസ്.പി.മനോജ്കുമാർ, ഡോ.പീറ്റർ എം.രാജ്, ഡോ.വിജയലക്ഷ്മി, എം.ജി.കാളിദാസൻ, അന്നപൂർണ്ണ ജയറാം, സിന്ധു, ഹാജറാബി, അർജുൻരാജൻ, അഡ്വ.ജയറാം, പ്രശാന്ത് നായർ, പി.വി. രാമകൃഷ്ണൻ എന്നിവർ ക്ലാസ് എടുത്തു.

കിലയ്ക്കു സംസ്ഥാന ബജറ്റിൽ 30 കോടി അനുവദിച്ചു

സംസ്ഥാന ബജറ്റിൽ കിലയ്ക്കു 30 കോടി രൂപ അനുവദിച്ചു. പ്രാദേശികഭരണത്തിൽ കിലയെ അന്തർദേശീയ മികവു കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ തുടരും.കിലയിൽ കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി ഇൻക്യുബേറ്റർ സ്ഥാപിക്കും.

ചോദ്യങ്ങൾക്കു മറുപടി

? നവകേരള മിഷനിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തേണ്ടത്?

● തദ്ദേശസ്ഥാപനതലത്തിലാണ് വികസനമിഷനുകൾ രൂപീകരിക്കുന്നത്. അതിന്റെ അദ്ധ്യക്ഷൻ തദ്ദേശസ്ഥാപന പ്രസിഡന്റ് /ചെയർമാൻ/മേയർ ആയിരിക്കും. വികസനമിഷനിൽ വരുന്ന അംഗങ്ങൾ ഇവരായിരിക്കും. ബന്ധപ്പെട്ട ബ്ലോക്ക് -ജില്ലാപഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ, പഞ്ചായയത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഭരണസമിതി അംഗങ്ങൾ, തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറി, കൃഷി ഓഫീസർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൻ, ഐ.സി.ഡി എസ്.സൂപ്രവൈസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ.(സ.ഉ.(പി)41/2016/പി.എൽ.ജി. തീയതി.28.9.2016)

? ആശുപത്രികളിൽ മരുന്നുക്ഷാമം അനുഭവപ്പെടുന്നത് തടയാൻ എന്തുനടപടിയാണ് സ്വീകരിക്കേണ്ടത്?

● നിലവിലെ ഉത്തരവുപ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽനിന്നാണ് ആശുപത്രികളിലേക്കു മരുന്നു വാങ്ങേണ്ടത്. എന്നാൽ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽനിന്നു മരുന്നു ലഭിക്കാൻ കാലതാമസം നേരിടുന്ന സ്ഥിതിയുണ്ടാകുകയാണെങ്കിൽ മരുന്നുകളുടെ ആവശ്യകത മുൻകൂട്ടി കണ്ട് നേരത്തെ ഇന്റന്റ് നൽകി മരുന്നു വാങ്ങാൻ നടപടി സ്വീകരിക്കണം. വകുപ്പിൽനിന്നോ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽനിന്നോ മരുന്നു ലഭിക്കാൻ താമസമുണ്ടായാൽ അത്യാവശ്യ സ്വഭാവമുള്ള മരുന്നുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിററിയുടെ അംഗീകാരത്തിനു വിധേയമായി തൽക്കാല ആവശ്യത്തിനു കാരുണ്യ/നീതിസ്റ്റോർ/ ജൻ ഔഷധി എന്നിവിടങ്ങളിൽനിന്നു വാങ്ങാവുന്നതാണ്. ഇതിനു അംഗീകരിച്ച പ്രോജ്ക്ട് വിഹിതമോ തനതു ഫണ്ടോ ഉപയോഗിക്കാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിററിയുടെ ഫണ്ടും ഉപയോഗിക്കാം. മാരകരോഗമടക്കമുള്ള ചികിത്സയ്ക്കു ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ആശുപത്രി മുഖേന രോഗികൾക്കു നൽകുന്നതിനു പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. മാരകരോഗങ്ങൾക്കു ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രത്യേക ചികിത്സകൾക്കും നൽകാവുന്നതാണ്.(സ.ഉ.(സാധാ) 397/2017 തസ്വഭവ.13-2017

? പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു പഠനമുറി നൽകാമെന്നു നിർദ്ദേശമുണ്ട്. ഇതിന്റെ തുക എങ്ങനെയാണ് നൽകേണ്ടത്?

● പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു അവരുടെ നിലവിലെ വീട് 800 ചതുരശ്ര അടിയിൽ താഴെയാണെങ്കിൽ നിബന്ധനകൾക്കു വിധേയമായി ഒരു പഠനമുറി നിർമ്മിച്ചു നൽകാം. അതിന്റെ നിർമ്മാണത്തിനനുവദിച്ച തുകയിൽ 50 ശതമാനം തുക മുൻകൂറായി നൽകാം. പണി തീർത്തു

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2204097

കഴിഞ്ഞാൽ ഓവർസിയർ പരിശോധിച്ച് നടത്തുന്ന മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു തുക നൽകാവുന്നതാണ്.(സ.ഉ.(സാധാ) 697/2017/തസ്വഭവ. തീയതി.14.3.2017)

? പട്ടികജാതി വിഭാഗക്കാരുടെ വീട് വയറിംഗിനുള്ള തുക എങ്ങനെ നൽകും?

● പട്ടികജാതി വിഭാഗക്കാരുടെ വീടുകളുടെ വയറിംഗ് നടത്തുന്നതിനു 5,000/-രൂപ സബ്സിഡി നൽകാം. ഈ തുക ഡെപ്പോസിറ്റായി അടച്ചാൽ വയറിംഗ് പ്രവൃത്തി കെ.എസ് ഇ.ബി ഏറ്റെടുത്തു നടത്തുന്നതാണെന്നു അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബിയിൽ പ്രസ്തുത തുക ഡെപ്പോസിറ്റായി അടച്ച് അവരെക്കൊണ്ട് വയറിംഗ് ചെയ്യിക്കാവുന്നതാണ്.(സ.ഉ.(സാധാ)697/2017/ തസ്വഭവ.തീയതി.14.3.2017)

? വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം നൽകാൻ വിധവ(മാതാവ്) ജീവിച്ചിരിപ്പില്ല എങ്കിൽ എന്തുചെയ്യും?

● വിവാഹിതയാകുന്ന പെൺകുട്ടിയുടെ മാതാവ് ജീവിച്ചിരിപ്പില്ല എങ്കിൽ രക്ഷകർത്താവിനോ അല്ലെങ്കിൽ പെൺകുട്ടിക്കു തന്നെയോ അപേക്ഷിക്കാം. വിവാഹം നടത്തിക്കൊടുക്കുന്ന രക്ഷകർത്താവിനോ അല്ലെങ്കിൽ കുട്ടിക്കു തന്നെയോ തുക നൽകാവുന്നതാണ്.

? മതിൽ നിർമ്മിക്കാൻ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണോ?

● പൊതുവഴിയോടും പൊതുസ്ഥലത്തോടും ചേർന്ന ഭൂമിയുടെ അതിർത്തിയിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനു തദ്ദേശസ്ഥാപനത്തിന്റെ അനുമതി ആവശ്യമാണ്. ഫോറം എ യിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷയും സ്ഥലത്തിന്റെ ആധാരം/പട്ടയത്തിന്റെ പകർപ്പുസഹിതം അപേക്ഷിക്കണം. അപേക്ഷയോടൊപ്പം കൈവശാവകാശ രേഖയും സ്ഥലത്തിന്റെ കരം വില്ലേജിൽ അടച്ച രശീതിന്റെ പകർപ്പും ഹാജരാക്കണം. സ്ഥലത്തിന്റെ സൈററ് പ്ലാനും ഉള്ളടക്കം ചെയ്തിരിക്കണം. നിലം., തണ്ണീർത്തടം എന്നിവകൾക്കു ചുററുമതിൽ കെട്ടാൻ അനുമതി നൽകില്ല. അല്ലാത്ത സ്ഥലങ്ങളിൽ അനുമതി ലഭിക്കും. അതിനുശേഷം മാത്രമേ മതിൽ പണിയാൻ പാടുള്ളൂ. കവലകളിൽ, റോഡുകൾ ചേരുന്ന ഭാഗങ്ങളിൽ മതിയായ വളവുകൾ നൽകി മാത്രമേ മതിൽ പണിയാൻ പാടുള്ളൂ. (കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടം 2011.സെക്ഷൻ 87 മുതൽ 90 വരെ)

ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിവിധ മിഷനുകളുമായി ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല പരിശീലനപരിപാടിയിൽ പങ്കെടുത്തവർ

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു

നവകേരളത്തിനു ജനകീയാസൂത്രണം എന്ന പേരിലറിയപ്പെടുന്ന പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കുവേണ്ടിയുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു. 2017-18 ലേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകളും സബ്സിഡിയും അനുബന്ധവിഷയങ്ങളും അടങ്ങിയ മാർഗ്ഗരേഖയും പ്രത്യേകം പ്രത്യേകമായിട്ടാണ് പുറത്തിറക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണത്തിനാവശ്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനുമായി പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രത്യേകം പ്രത്യേകം മാർഗ്ഗരേഖകൾ നേരത്തെ പ്രസിദ്ധീകരിച്ചിരുന്നു. തദ്ദേശസ്വയംഭരണവകുപ്പിന്റെ 9.1.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 10/2017 നമ്പറായും 11/2017 നമ്പറായുമാണ് ഈ മാർഗ്ഗരേഖകൾ പ്രസിദ്ധീകരിച്ചത്.

വികസനരേഖകൾക്കു ഗ്രാമസഭ/വാർഡുസഭകളിൽ അംഗീകാരം നേടിയശേഷം പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലേക്കു കടക്കുന്നതിനു 2017-18 സാമ്പത്തികവർഷത്തേക്കുള്ള മാർഗ്ഗരേഖകളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പഞ്ചായത്തുകൾക്കുവേണ്ടി 29.3.2017 ൽ സർക്കാർ ഉത്തരവ് (എം.എസ്) 72/2017 നമ്പറായും മുനിസിപ്പാലിറ്റികൾക്കുവേണ്ടി 3.4.2017 ൽ സർക്കാർ ഉത്തരവ് (എം.എസ്) 79/2017 നമ്പറായുമാണ് തദ്ദേശസ്വയംഭരണവകുപ്പ് മാർഗ്ഗരേഖകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

സബ്സിഡികളും അനുബന്ധവിഷയങ്ങളും സംബന്ധിച്ച് 3.4.2017 ൽ സ.ഉ. (എം.എസ്)80/2017 നമ്പറായി വേറെ മാർഗ്ഗരേഖയുമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖയിൽനിന്ന് പതിമൂന്നാം പദ്ധതിയിലേക്കു മാറുമ്പോൾ മാർഗ്ഗരേഖയിൽ വന്ന ചില പ്രധാന വ്യത്യാസങ്ങൾ ഇവയാണ്.

- പ്ലാൻകോർഡിനേറ്ററുടെ ചുമതല തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിക്കാണ്.
- പ്ലാൻ കോർഡിനേറ്ററെ സഹായിക്കാൻ സീനിയർ ക്ലാർക്ക് തസ്തികയിൽ കുറയാത്ത ഒരാളെ അസിസ്റ്റന്റ് പ്ലാൻ കോർഡിനേറ്ററാക്കാം.
- ഹരിതകേരളം,ലൈഫ്, ആർദ്രം, വിദ്യാഭ്യാസ സംരക്ഷണം എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള നവകേരള മിഷനുമായി പദ്ധതികൾ സംയോജിപ്പിക്കാം.
- തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ആസൂത്രണസമിതികൾ രൂപീകരിക്കണം.
- അയൽസഭ, കമ്മ്യൂണിറ്റി പ്ലാൾ എന്നിവ നിർബന്ധമില്ല.ഗ്രാമസഭകളാണ് വികസനപ്രശ്നങ്ങൾ ചർച്ച ചെയ്ത് ഏതു മേഖലകൾക്കാണ് മുൻഗണന നൽകേണ്ടതെന്നു തീരുമാനിക്കുന്നത്. ആവശ്യമെങ്കിൽ മുൻഗണന തീരുമാനിക്കാൻ ഫോറം പൂരിപ്പിച്ചു വാങ്ങാം.
- പദ്ധതി തയ്യാറാക്കിയാൽ ഡി.പി.സി അംഗീകാരത്തിനു അയച്ച് ഡി.പി.സി അംഗീകരിച്ചശേഷമാണ് മേലുദ്യോഗസ്ഥൻ/മേഖല ഉദ്യോഗസ്ഥൻ വെറ്റിങ് നടത്തേണ്ടത്. ഇതിനായി ഡി.പി.സി അംഗീകരിച്ച പദ്ധതികൾ സെക്രട്ടറി വെറ്റിങ് ഓഫീസർമാർക്കു അയച്ചുകൊടുക്കണം.
- ടി.എസ്.പി, എസ്.സി.പി. പദ്ധതികൾ വി.ഇ.ഒ നിർവഹണം നടത്തണം.
- ജില്ലാതലത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കണം.
- തനതുഫണ്ടിൽനിന്നു അനിവാര്യചെലവുകൾ കഴിച്ച് ബാക്കി വരുന്ന തുകയുടെ 15 ശതമാനം തുക ഉപയോഗിച്ച് പദ്ധതി രൂപീകരിക്കാതെ തന്നെ അടിയന്തിരവും അനിവാര്യവുമായ നിർമ്മാണപ്രവർത്തികൾ ചെയ്യാം.

താഴെ പറയുന്ന രീതിയിൽ മേഖലാവിഭജനം നടത്തണം.

പഞ്ചായത്തുകൾ:

- വികസനഫണ്ടിന്റെ; 30 ശതമാനം തുക ഉദ്പ്പാദനമേഖലയ്ക്കു മാറ്റിവയ്ക്കണം.
- വികസനഫണ്ടിന്റെ 10 ശതമാനം തുക മാലിന്യസംസ്കരണം (ഹരിതകേരളം) പദ്ധതിക്ക് വകയിരുത്തണം.
- പശ്ചാത്തല മേഖലയ്ക്കു 30 ശതമാനത്തിൽ കവിയാൻ പാടില്ല.
- ബ്ലോക്ക് പഞ്ചായത്ത് -പശ്ചാത്തല മേഖലയ്ക്കു 25 ശതമാനത്തിൽ കവിയാൻ പാടില്ല.
- ജില്ലാപഞ്ചായത്ത്- പശ്ചാത്തല മേഖലയ്ക്കു 40 ശതമാനത്തിൽ കവിയാൻ പാടില്ല.

മുനിസിപ്പാലിറ്റികൾ

- മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ തനതു ഫണ്ടിലെ അനിവാര്യ ചെലവുകൾ കഴിച്ച് പരമാവധി 25 ശതമാനം തുക പദ്ധതിയിൽ ഉൾപ്പെടുത്താതെ അടിയന്തിര നിർമ്മാണ പ്രവർത്തികൾ ചെയ്യാം.
- മുനിസിപ്പാലിറ്റികൾ പൊതുവിഭാഗം വികസനഫണ്ടിന്റെ 10 ശതമാനം തുക ഉദ്പ്പാദന മേഖലയ്ക്കു വകയിരുത്തണം.
- 15 ശതമാനം തുക മാലിന്യസംസ്കരണത്തിനു മാറ്റിവയ്ക്കണം.
- പശ്ചാത്തലമേഖലയ്ക്കു 50 ശതമാനത്തിൽ കൂടുതൽ തുക വകയിരുത്താൻ പാടില്ല.
- പശ്ചാത്തലമേഖലയ്ക്കു വകയിരുത്തുന്ന തുകയിൽ 10 ശതമാനം നഗരസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായിരിക്കണം.

പൊതുവായത്

- എസ്.എസി,എസ്.ടി പദ്ധതികളിൽ 30 ശതമാനത്തിൽ കൂടുതൽ പശ്ചാത്തലമേഖലയ്ക്കു വകയിരുത്താൻ പാടില്ല.
- അഞ്ചുശതമാനം തുക കുട്ടികൾ/ഭിന്നശേഷിയുള്ളവർ/ഭിന്നലിംഗക്കാർ എന്നിവർക്കു വകയിരുത്തണം.
- അഞ്ചുശതമാനം തുക വയോജനക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും വകയിരുത്തണം.
- പതിനെട്ടുവയസ്സിനും അമ്പതുവയസ്സിനും മദ്ധ്യേയുള്ളവർക്കു തൊഴിൽ പരിശീലനം വേണമെങ്കിൽ ആകാം. എന്നാൽ പത്തുശതമാനം തുക പരിശീലകർ വഹിക്കണം.
- സഹകരണസംഘങ്ങളെ സഹായിക്കുന്ന പദ്ധതികൾ ഏറ്റെടുക്കാം.
- പകർച്ചവ്യാധികൾ പടരുമ്പോൾ മെഡിക്കൽ ക്യാമ്പുകളാകാം.

സബ്സിഡി ഇനത്തിലും ചില മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വന്നിട്ടുണ്ട്. നാമമാത്രമായ പെൻഷൻ ഉൾപ്പെടെ വാർഷിക കുടുംബവരുമാനം പൊതുവിഭാഗത്തിൽ ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിനു രണ്ടുലക്ഷം രൂപ വരേയും ബി.പി.എൽ ആയി കണക്കാക്കി ആനുകൂല്യം നൽകും.ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെങ്കിലും മേൽ പറഞ്ഞ കുടുംബവരുമാനമാണ് അർഹതയ്ക്കു പരിഗണിക്കേണ്ടത്. പട്ടികവർഗ്ഗത്തിനു വരുമാനപരിധി ബാധകമല്ല. വ്യക്തിഗത ആനുകൂല്യങ്ങൾ പരമാവധി ഒരു കുടുംബത്തിനു വാർഷിക സബ്സിഡി 30,000/-രൂപയും പട്ടികജാതി വിഭാഗത്തിനു 50,000/-രൂപയും ആയിരിക്കും. പട്ടികവർഗ്ഗവിഭാഗത്തിനു പരിധിയില്ല. ഭവനനിർമ്മാണം, വിദേശത്ത് തൊഴിൽ ലഭിച്ചു പോകുന്ന പദ്ധതി,വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമുള്ള ധനസഹായം,സംരഭകത്വറിവോൾ വിങ് ഫണ്ട് എന്നിവയ്ക്കു ഈ പരിധി ബാധകമല്ല. വിശദമായ നിബന്ധനകൾക്കു മാർഗ്ഗരേഖകൾ കാണുക.

വി.ജി.ശശിധരൻ

കേരളത്തിലെ കുടുംബശ്രീയുടെ മാതൃക മറ്റു രാജ്യങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള രാജ്യാന്തര പരിശീലനപരിപാടി ഇന്ത്യയിലെ ഉഗാണ്ട ഹൈക്കമ്മീഷ്ണർ എലിസബത്ത് പൗല നപെയൊക്ക് ഉദ്ഘാടനം ചെയ്യുന്നു

കുടുംബശ്രീ മാതൃകയ്ക്ക് കിലയിൽ രാജ്യാന്തരപരിശീലനം

കേരളത്തിലെ കുടുംബശ്രീയുടെ മാതൃക മറ്റു രാജ്യങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള രാജ്യാന്തര പരിശീലനപരിപാടി കിലയിൽ സംഘടിപ്പിച്ചു. കാർഷികമേഖലയിൽ കുടംബശ്രീ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി, അവരുടെ ജീവിതത്തിൽ വന്ന മാറ്റം എന്നിവ പഠിക്കാനും അതു തങ്ങളുടെ രാജ്യങ്ങളിലേക്കു പകർത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു പരിശീലനപരിപാടി.ഇന്ത്യയിലെ ഉഗാണ്ട ഹൈക്കമ്മീഷ്ണർ എലിസബത്ത് പൗല നപെയൊക്ക് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ യു.എസ്,എയ്ഡ് ഡയറക്ടർ മുസ്തഫ ഇൽ ഹംസൊയ്, ഡെവലപ്മെന്റ് അസിസ്റ്റൻസ് സ്പെഷലിസ്റ്റ് ഡോ.ശ്രീവള്ളി കൃഷ്ണൻ,കുടുംബശ്രീ ഡയറക്ടർ എൻ.കെ.ജയ, ഡോ.പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു. കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഡോ.രാഹുൽ വിശദീകരിച്ചു.

അഫ്ഘാനിസ്ഥാൻ, ഘാന, കെനിയ, ലൈബീരിയ, മൽവായ്, മംഗോളിയ, മൊസാംബിക്ക്, ഉഗാണ്ട എന്നിവിടങ്ങളിൽനിന്നുള്ള 25 പ്രതിനിധികളാണ് പരിശീലനത്തിൽ പങ്കെടുത്തത്. സംസ്ഥാനത്തുനിന്നുള്ള കുടുംബശ്രീയുടെ 15 പ്രവർത്തകരും സംബന്ധിച്ചു. നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് ,യു.എസ്.എയ്ഡ്, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിശീലനം സംഘടിപ്പിച്ചത്. പതിനഞ്ചുദിവസം നീണ്ടുനിന്ന പരിശീലനത്തിന്റെ സംഘാടനചുമതല സംസ്ഥാന കുടുംബശ്രീക്കായിരുന്നു. വിവിധ ജില്ലകളിലെ കുടുംബശ്രീയുടെ കാർഷിക-മൃഗസംരക്ഷണപ്രവർത്തനങ്ങൾ, കണ്ണൂരിലെ ആടുവളർത്തൽ കേന്ദ്രം, മലപ്പുറത്തെ നെല്ലുൽപ്പാദനകേന്ദ്രം എന്നിവയ്ക്കു പുറമെ എറണാകുളം,ആലപ്പുഴ ജില്ലകളിലെ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രതിനിധികൾ വിദഗ്ദ്ധരുമായി ആശയവിനിമയം നടത്തി.

മഴമറ നിർമ്മിക്കാൻ സഹായം

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മഴമറ നിർമ്മിക്കാൻ ധനസഹായം നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മഴമറ നിർമ്മിക്കുന്നതിനു ചതുരശ്ര മീററിനു 500/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.പരമാവധി 25,000/-രൂപയായി പരിമിതപ്പെടുത്തിയാണ് ധനസഹായം നൽകേണ്ടത്. ചുരുങ്ങിയതു 10 സ്ക്വയർ മീറ്ററെങ്കിലും മഴമറ നിർമ്മിച്ചിരിക്കണം.

തദ്ദേശസ്ഥാപനങ്ങൾ ബിറ്റുമിൻ വാങ്ങി സൂക്ഷിക്കണം

തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ വാർഷികപദ്ധതിയുടെ ഭാഗമായി നടത്തുന്ന മരാമത്തു പണികൾക്കാവശ്യമായ ടാർ എത്രയെന്നു കണക്കുകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതും ആയതു പൊതുമേഖലാ എണ്ണക്കമ്പനികളിൽ നിന്നു ബന്ധപ്പെട്ട തദ്ദേശസ്ഥാപനം നേരിട്ടുവാങ്ങി കൊൺട്രാക്റ്റർമാരുടെ/ഗുണഭോക്തൃസമിതി കൺവീനർമാരുടെ ആവശ്യപ്രകാരം അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്. നിലവിലുള്ള ഉത്തരവിനു വിധേയമായി എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം ആവശ്യാനുസരണം ബിറ്റുമിൻ (ടാർ) വാങ്ങി സൂക്ഷിക്കേണ്ടതു ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ ചുമതലയാണ്. അതു കർശനായി പാലിക്കേണ്ടതാണെന്നു സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്തില്ലെങ്കിൽ തദ്ദേശസ്ഥാപന സെക്രട്ടറിയുടെ വീഴ്ചയായി കാണുന്നതാണെന്നും സർക്കുലറിൽ പറയുന്നു.

സർക്കുലർ നമ്പർ.75 ഡി.എ1/2017/തസ്വഭവ നമ്പറായി 10.2.2017-ാം തീയതി തദ്ദേശസ്വയംഭരണവകുപ്പു ജോ.സെക്രട്ടറി പുറത്തിറക്കിയ സർക്കുലറിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**